## OTHER HINDU AND DEPRESSED CLASS—DETAILS REGARDING

**176.** മിസ്റ്റർ കെ. ഐ. വേലായുധൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാന പ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) "Other Hindu, Backward & Depressed" എന്ന വിഭാഗത്തിൽനിന്ന ഡിപ്രസ്ഡ് ക്ലാസ്സിൽപെട്ട സമുദായങ്ങളെ വേർതിരിച്ച പ്രത്യേക വകുപ്പായി കണക്കാക്ക പ്പെട്ടന്നുണ്ടോ;

(ബി) "Other Hindu, Depressed" എന്ന പുതിയ വകുപ്പിൽ ഏതെല്ലാം സമുദാ യങ്ങൾ ഉൾപ്പെട്ടും;

(സി) ആ വകുപ്പിന്റെ ജനസംഖ്യ എത്ര;

(ഡി) "Other Hindu, Backward" എന്ന വകുപ്പിൽ പെടുന്ന വിശ്വകർമ്മാള സമു ദായത്തിന്റെ ജനസംഖ്യ എത്ര;

(ഇ) വിശ്വകർമ്മാള സമുദായത്തെ ഒരു പ്രത്യേക ഗ്രൂപ്പായി കണക്കാക്കുന്നതിന വി രോധമുണ്ടോ?

റാവു സാഹിബ് കെ. അയ്യപ്പൻ:

(എ) Staff Selection Board വഴിക്കുള്ള നിയമനങ്ങൾക്കുവേണ്ടി, Other Hindu (Backward)-ം Other Hindu (Depressed)-ം പ്രത്യേകവകുപ്പുകളായി ഛ — ഫ — ൻ൪ാ/ ൻ — ന — ഫ ഫ ഛ മുതൽ കണക്കാക്കിവരുന്നുണ്ട്.

(ബി) (ഫ) കാടൻ. (ഛ) കണക്കൻ അല്ലെങ്കിൽ പടന്നൻ. (ന) കവര. (൪) കൂടൻ. (ഭ) മലയൻ. (ന) നായാടി. (ാ) പള്ളുവൻ. (വ) സാമ്പവൻ അല്ലെ ങ്കിൽ പറയൻ. (ൻ) ഉള്ളാടൻ. (ഫ ം) വേട്ടുവൻ.

(സി) ഫ ൻ ൪ ഫ-ലെ സെൻസസ്സുപ്രകാരം ഭ ൪, ാ ഫ ന.

(ഡി) ഫ ൻ ൪ ഫ-ലെ സെൻസസ്സുപ്രകാരം ഭ ഭ, ൪ ഫ വ.

(ഇ) വിശ്വകർമ്മാളസമുദായത്തെ ഒരു പ്രത്യേകഗ്രൂപ്പായി കണക്കാക്കുന്ന കാര്യം ആ സമുദായം ആവശ്യപ്പെട്ടാൽ ആലോചിക്കാൻ വിരോധമില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: "Other Hindu, Backward & Depressed" എന്ന വിഭാഗത്തിനു് "Other Hindu, Depressed" എന്ന പുതിയ വിഭാഗം സൃഷ്ടിച്ചതു് സ്റ്റാഫ് സെലക്ഷൻബൊർഡിന്റെ പ്രവർത്തനത്തെ കെയ്ത്തിനുവേണ്ടിയാണോ?

റാവുസാഹിബ് കെ. അയ്യപ്പൻ: "Other Hindu, Backward and Depressed" എന്ന ഗ്രൂപ്പിൽ ഇ ം ഓളം സമുദായങ്ങളുണ്ട്. അതിൽ അധഃകൃതരും മറ്റു സമുദായങ്ങളും ഓരോ സമുദായസ്ഥിതിയുള്ളവരല്ല. അതുകൊണ്ടും മറ്റും അധഃകൃതരെ ഒരു പ്രത്യേകവി ഭാഗമായി നിർത്താൻ ഗവൺമെണ്ട സമ്മതിച്ചു.

മിസ്റ്റർ കെ. ഐ. വേലായുധൻ: അങ്ങിനെയാണെങ്കിൽ ഇ ഭ,൪ ഫവ വരുന്ന വി ശ്വകർമ്മ സമുദായത്തെ ഒരു പ്രത്യേകഗ്രൂപ്പായി തിരിക്കുന്നതിനു് എന്താണു് വിരോധം?

റാവുസാഹിബ് കെ. അയ്യപ്പൻ: അവർ അങ്ങിനെ ആവശ്യപ്പെടുകയാണെങ്കിൽ ഗവൺമെണ്ടിനു് ആ കാര്യത്തെപ്പറ്റി ആലോചിക്കാൻ വിരോധമില്ല.

മിസ്റ്റർ കെ. ഐ. വേലായുധൻ: അവരുടെ കഴിഞ്ഞവാർഷികസമ്മേളനത്തിൽവെച്ചു പാസാക്കിയ ഒരു പ്രമേയമനുസരിച്ചു് അവരെ പ്രത്യേക വിഭാഗമായി വേർതിരിയ്ക്കണമെ ന്നുപറഞ്ഞു് ഒരു അപേക്ഷ കിട്ടിയിട്ടില്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെ കിട്ടിയതായി ഞാൻ ഓർക്കുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അവരെ അധഃകൃതരായി കണക്കാക്കണമെൻപറ ഞ്ഞു് അപേക്ഷ അയച്ചിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെ ഒരു അപേക്ഷവന്നതായി എനിക്കു് ഓർമ്മയില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അവരെ ഒരു പ്രത്യേകവിഭാഗമായി തിരിക്കാൻ എന്താ ണു് കാരണം?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെ തിരിച്ചിട്ടില്ല. അവരിൽനിന്നു് അ പേക്ഷ വരുകയാണെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വിശ്വകമ്മാള സമുദായത്തിൽ ഏതെല്ലാം സമുദായങ്ങൾ പെട്ടിട്ടുണ്ട്?

റാവുസാഹിബ് കെ. അയ്യപ്പൻ: കൊല്ലൻ, തട്ടാൻ, ആശാരി, മൂശാരി ഇങ്ങിനെ നാലു സമുദായമാണ് അതിൽ പെടുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കല്ലാശാരി അതിൽ പെടുമോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അതെല്ലാം ബഹുമാനപ്പെട്ട മെമ്പറിനു് അറിയാവുന്നിടത്തോളം ഗവണ്മെണ്ടിനുപോലും അറിയുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഏതെങ്കിലും ഒരു സമുദായം അവരെ പ്രത്യേക ഗ്രൂപ്പായി തിരിച്ചുകിട്ടണമെന്നു പറഞ്ഞു് അപേക്ഷിച്ചാൽ അതു പ്രകാരം ചെയ്യുകയില്ലേ?

റാവുസാഹിബ് കെ. അയ്യപ്പൻ: ഇതു് നടത്തിക്കൊണ്ടുപോകുന്നതിലുള്ള സൌകര്യവുംകൂടി ആലോചിക്കണം. എന്നാൽ വേർതിരിച്ചു നിറുത്തുന്നതുകൊണ്ടു്, അവക്കു് കൂടുതൽ സൌകര്യമുണ്ടു് എന്നു കാണുന്നപക്ഷം, ആ സമുദായത്തിലെ ജനസംഖ്യയും മറ്റുകാര്യങ്ങളും ആലോചിച്ചു് വേണ്ടപോലെ തീർച്ചപ്പെടുത്തും. സാമുദായിക പ്രാതിനിദ്ധ്യം എല്ലാവക്കും കിട്ടുന്നതിനു് കഴിവുള്ള സൌകര്യങ്ങളെല്ലാം ചെയ്തുകൊടുക്കാൻ ഗവണ്മെണ്ടു് തയ്യാറാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്റെ സമുദായം ഒരു വലിയ വിഭാഗത്തിൽപെട്ടതാണു്. അതിനെ വേർതിരിച്ചു നിർത്തണം എന്നുപറഞ്ഞു് ഞങ്ങളുടെ അപേക്ഷ വരുകയാണെങ്കിൽ അങ്ങിനെ ചെയ്യാൻ വിരോധമുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പറുടെ സമുദായം, ആ ഗ്രൂപ്പിൽനിന്നു പുറത്തുപോകുന്നതു് നഷ്ടമായിരിക്കുമെന്നാണു് ഇതേവരെയുള്ള കണക്കുകൾകൊണ്ടു കാണുന്നതു്.

മിസ്റ്റർ പി. കെ. ഡിവർ: വിശ്വകമ്മസമുദായത്തിനു ശരിയായി കിട്ടേണ്ട ആനുകൂല്യം കിട്ടുന്നില്ലെന്നുള്ള വല്ല ആക്ഷേപവും ഉണ്ടായിട്ടുണ്ടോ?

റാവുസാഹിബ് കെ. അയ്യപ്പൻ: അങ്ങിനെ ആക്ഷേപം ഒന്നും ഉണ്ടായിട്ടില്ല.

## POLICE SUB-INSPECTORS—SELECTION OF

**177. Mr. M. O. Thomakutty** *(Commerce and Industry)*: Will Government be pleased to state.—

(*a*) have the Government called for application for the appointment of Police Sub-Inspectors;

(*b*) did the Government call for applications for a similar selection some time back;

(*c*) did the Government make any preliminary selection, then;

(*d*) what is the reason for calling fresh applications?

**Rao Sahib A. Madhava Prabhu** *(Chief Secretary to Government)*:

(*a*) Yes.

(*b*) Yes.

(*c*) The Staff Selection Board and the Commissioner of Police interviewed the candidates who appeared *prima facie* suitable, and a preliminary selection was made in February, 1947.

(*d*) The response from candidates from the various communities with the requisite educational qualifications, physical measurements, etc., was not up to the mark and so action was taken for a fresh selection.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സ്റ്റാഫ് സെലക്ഷൻ ബോർഡ് കുറെപേരെ തിരഞ്ഞെടുത്തു എന്നു പത്രത്തിൽകണ്ടു. ആരെയൊക്കെയാണു് തിരഞ്ഞെടുത്തതു്?

റാവുസാഹിബ് എ. മാധവപ്രഭു: തിരഞ്ഞെടുത്തിട്ടില്ല. സ്റ്റാഫ് സെലക്ഷൻ ബോർഡ് മാത്രമല്ലാ തിരഞ്ഞെടുക്കേണ്ടതു്. അതിനു ഒരു സ്പെഷ്യൽ കമ്മറിയെ വച്ചിരുന്നു. ആ കമ്മറിയ്ക്കു റക്കമെൻറ് ചെയ്യാനെ അധികാരമുള്ളൂ. ഫൈനൽ ഓർഡർ പാസ്സാക്കുവാനുള്ള അധികാരമില്ല.

They can only make recommendations. They made some recommendations, but those recommendations were not accepted by the Minister who was the authority to select. The

LIBRARY ARCHIVES Kerala Legislative Assembly